കാപ്പനിയമ പ്രകാരം രണ്ടാമതും അറസ്റ്റ് ചെയ്ത് ജയിലിലടച്ച നിരന്തര കുറ്റവാളിയുടെ ശിക്ഷാ കാലാവധി ഒരു വർഷമാക്കി നീട്ടി. നോർത്ത് പറവൂർ കോട്ടുവള്ളി അത്താണി വയലും പാടത്ത് വീട്ടിൽ അനൂപ് (പൊക്കൻ അനൂപ് 32) ന്റെ ശിക്ഷാകാലാവധിയാണ് ആറു മാസത്തിൽനിന്ന് ഒരുവർഷമാക്കി നീട്ടി സർക്കാർ ഉത്തരവായത്. 2020 ൽ മാത്രം മൂന്ന് കേസുകളിൽ ഉൾപ്പെട്ട ഇയാളെ 2020 നവംബറിൽ ആറ് മാസത്തേക്ക് കാപ്പ ചുമത്തി ജയിലിൽ അടച്ചിരുന്നു.